മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. പോലായുധൻ):

(എ) 322 പേർ.

(ബി) ഇല്ല.

(സി) എക്സ്പ്രസ്സ് സർവ്വീസിൽനിന്നും ലഭ്യമാകുന്ന ഇനത്തിൽ കിട്ടുന്ന തുകയ്ക്ക് പ്രത്യേകം കണക്കുവച്ചിട്ടില്ല.

(ഡി) ഇല്ല.

മന്ത്രിമാരുടെ യാത്രാബത്ത.

* 174. [65] ശ്രീ. എം. പി. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മേയ് മാസത്തിൽ മന്ത്രിമാരിൽ ഓരോരുത്തരും എത്ര ദിവസം തലസ്ഥാനത്തുണ്ടായിരുന്നു;

(ബി) എത്ര ദിവസം തൃശ്ശൂർ ക്യാമ്പുണ്ടായിരുന്നു;

(സി) ഓരോരുത്തരും വാങ്ങിയിട്ടുള്ള യാത്രാബത്ത എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ)	മുഖ്യമന്ത്രി	13	ദിവസം
	പൊതുമരാമത്തുമന്ത്രി	12	,,
	ആരോഗ്യവകുപ്പുമന്ത്രി	24	,,
	തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി	23	,,
	ആഭ്യന്തരകാര്യമന്ത്രി	10	,,
(ബി)	മുഖ്യമന്ത്രി	5	,,
	പൊതുമരാമത്തുമന്ത്രി	16	,,
	ആരോഗ്യവകുപ്പുമന്ത്രി	2	,,
	തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി	4	,,
	റവന്യൂവകുപ്പുമന്ത്രി	2	,,
(സി)	മുഖ്യമന്ത്രി	1743	രൂപ
	പൊതുമരാമത്തുമന്ത്രി	315	,,
	ആരോഗ്യവകുപ്പുമന്ത്രി	297	,,
	തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി	312	,,
	റവന്യൂവകുപ്പുമന്ത്രി	1244	,, നാലണ.

സർവ്വീസ് സംയോജനം സംബന്ധിച്ച അപ്പീലുകൾ.

* 175. [66] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സർവ്വീസ് സംയോജനത്തെ സംബന്ധിക്കുന്ന എത്ര അപ്പീലുകൾ 1954-55-ൽ ബോധിപ്പിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണത്തിന് തീരുമാനമെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly